കില
വാർത്താപത്രിക

VOLUME-10
ISSUE-1
JANUARY 2017

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

സുസ്ഥിരവികസനത്തിനു തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ ദേശീയ റൈറ്റ്ഷോപ്പിൽ യു.എൻ.ഡി.പി.കൺട്രി അസി.ഡയറക്ടർ സുമീത ബാനർജി സംസാരിക്കുന്നു

സുസ്ഥിരവികസനലക്ഷ്യം: കിലയിൽ ത്രിദിന ദേശീയ റൈറ്റ്ഷോപ്പ്

ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപിതനയമായ സുസ്ഥിര വികസനം സാദ്ധ്യമാക്കുന്നതിനു തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കിലയിൽ മൂന്നുദിവസത്തെ ദേശീയ റൈറ്റ് ഷോപ്പ് സംഘടിപ്പിച്ചു. കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയവും കിലയും യു.എൻ.ഡി.പി യും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ഗ്രാമപഞ്ചായത്ത് വികസനപദ്ധതി സംബന്ധിച്ച് പ്രാദേശിക ആസൂത്രണമാർഗ്ഗരേഖ തയ്യാറാക്കുന്നതിനു കഴിഞ്ഞവർഷം കിലയിൽ നടന്ന റൈറ്റ്ഷോപ്പിന്റെ തുടർച്ചയാണിത്. ഇപ്പോൾ നിലവിലുള്ള പഞ്ചായത്തുകളുടെ വികസനമാർഗ്ഗരേഖ കൂടുതൽ സമ്പുഷ്ടമാക്കി ഗുണപരമായ രീതിയിൽ സുസ്ഥിരവികസനം സാദ്ധ്യമാക്കുന്നതിനു ഓരോ സംസ്ഥാനത്തിനും അനുയോജ്യമായ രീതിയിൽ രൂപരേഖ തയ്യാറാക്കുകയായിരുന്നു റൈറ്റ്ഷോപ്പിന്റെ ലക്ഷ്യം. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പഞ്ചായത്ത്-ഗ്രാമവികസനവകുപ്പു ഉദ്യോഗസ്ഥരും സംസ്ഥാനങ്ങളിലെ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റികളുമുൾപ്പെടെ 150 പേർ റൈറ്റ്ഷോപ്പിൽ പങ്കെടുത്തു.

സുസ്ഥിരവികസനത്തിന്റെ ആഗോള-ഇന്ത്യൻ പരിപ്രേക്ഷ്യത്തെക്കുറിച്ച് യു.എൻ.ഡി.പി.കൺട്രി അസി.ഡയറക്ടർ സുമീത ബാനർജി സംസാരിച്ചു. കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം ജോ.സെക്രട്ടറി ഡോ.ബി.കെ.ശർമ്മ, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, യു.എൻ.ഡി.പി. നാഷ്ണൽ പ്രോഗ്രാം മാനേജർ ഷിബാഭരതകർ, കില അസി.പ്രൊഫ.ഡോ. ജെ.ബി.രാജൻ എന്നിവരും സംസാരിച്ചു. ദാരിദ്ര്യനിർമ്മാർജനം, ഭക്ഷ്യസുരക്ഷ,ആരോഗ്യം, ലിംഗസമത്വം, സ്ത്രീശാക്തീകരണം, സുസ്ഥിര സാമ്പത്തിക വികസനം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള പ്രതിവിധികൾ, രാജ്യങ്ങൾ തമ്മിലുള്ള അസന്തുലിതാവസ്ഥ ലഘൂകരിക്കൽ, പട്ടണങ്ങളേയും മനുഷ്യവാസ സ്ഥലങ്ങളേയും സ്വയംപര്യാപ്തമാക്കൽ, പരിസ്ഥിതിസംരക്ഷണം എന്നീ വിഷയങ്ങളിലൂന്നിയായിരുന്നു റൈറ്റ്ഷോപ്പിലെ ചർച്ചകൾ.

സുസ്ഥിരവികസനലക്ഷ്യത്തിനു പഞ്ചായത്തുകൾ ക്കുള്ള പങ്കിനെക്കുറിച്ചായിരുന്നു ആദ്യദിവസത്തെ ചർച്ചകൾ. വിവിധ ഗ്രൂപ്പുചർച്ചകൾക്കു ജഗ്ജീവൻ, ഡോ.ജോയ് ഇളമൺ, ഡോ.കലാധരൻ, നിർമ്മല സാനു ജോർജ്, ഡോ. അജയ് വർമ്മ, വിനോദ് എന്നിവർ നേതൃത്വം നൽകി. സുസ്ഥിരവികസനത്തിനുള്ള പരിശീലന മാന്വലിനെക്കുറിച്ച് ഇന്റർ കോ-ഓപ്പറേഷൻ ഡെവലപ്മെന്റ് ഓഫ് ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ.ജോയ് ഇളമൺ സംസാരിച്ചു.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശരേഖകൾ തയ്യാറാക്കുന്നതിനു കിലയിൽ സംഘടിപ്പിച്ച മൂന്നുദിവസത്തെ സംസ്ഥാനതല ശിൽപ്പശാല പ്ലാനിംഗ്ബോർഡ് അംഗം ഡോ.കെ.എൻ.ഹരിലാൽ ഉദ്ഘാടനം ചെയ്യുന്നു

വികസനത്തിനു തടസ്സം സങ്കീർണ്ണമായ നടപടിക്രമങ്ങൾ : ഡോ.കെ.എൻ.ഹരിലാൽ

കഴിഞ്ഞ അഞ്ചുവർഷത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം ഏറ്റവും താഴ്ന്ന നിലയിലായിരുന്നുവെന്ന് പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ അഭിപ്രായപ്പെട്ടു. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശരേഖകൾ തയ്യാറാക്കുന്നതിനുള്ള മൂന്നുദിവസത്തെ സംസ്ഥാനതല ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്താൻ ജനകീയാസൂത്രണപരിപാടിക്കു കഴിഞ്ഞിട്ടുണ്ട്.എന്നാൽ തദ്ദേശസ്ഥാപനങ്ങളുടെ 20 വർഷത്തെ പ്രവർത്തനം പരിശോധിച്ചാൽ ഏറ്റവും മോശപ്പെട്ട പ്രവർത്തനം നടന്നത് കഴിഞ്ഞ അഞ്ചുവർഷമായിരുന്നുവെന്നു ബോദ്ധപ്പെടും. ആസൂത്രണം താഴെ തട്ടിൽനിന്നുതന്നെ വരണം. ജനാധിപത്യപ്രവർത്തനത്തിന്റെ തുടർച്ച തിരിച്ചുകൊണ്ടുവരാൻ നമുക്കു കഴിയണം. സ്വന്തം നാടിന്റെ വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്ന സ്ഥിതിയുണ്ടാകണം. ഇപ്പോൾ വികസനത്തിനു മുഖ്യതടസ്സം സങ്കീർണ്ണമായ നടപടിക്രമങ്ങളാണ്. അതു മാറ്റിയെടുത്തേ തീരൂ. പദ്ധതി രൂപീകരണം വർഷാദ്യത്തിൽ തന്നെ നടപ്പാക്കാൻ കഴിയണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. ലോക്കൽ ഗവർമ്മെണ്ട് കമ്മീഷൻ ചെയർമാൻ ഡോ. സി.പി.വിനോദ്, കോസ്റ്റ് ഫോഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ടി.ആർ. ചന്ദ്രദത്ത്, ടി.ഗംഗാധരൻ, എൻ.ജഗജീവൻ, എസ്.ആർ.ജി. കൺവീനർ വി.എസ്. ബിജു എന്നിവർ സംസാരിച്ചു.വിവിധ വിഷയമേഖലകളിലെ വിദഗ്ദ്ധർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്(എസ്.ആർ.ജി) അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

അധികാരവികേന്ദ്രീകരണം ദക്ഷിണേഷ്യൻ രാജ്യങ്ങൾക്കപ്പുറം എന്ന വിഷയത്തെക്കുറിച്ച് ബംഗ്ലാദേശിലെ ധാക്കയിൽ നടന്ന രാജ്യാന്തരസമ്മേളനത്തിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് കില ഡയറക്ടർ ഡോ.പി.പി.ബാലൻ വിഷയാവതരണം നടത്തുന്നു

കേരളമാതൃക സ്വീകരിക്കാൻ കൂടുതൽ രാജ്യങ്ങൾ

കേരള മാതൃകയിലുള്ള അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ കൂടുതൽ രാജ്യങ്ങൾ മുന്നോട്ടുവരുന്നതായി കില ഡയറക്ടർ ഡോ.പി.പി.ബാലൻ അറിയിച്ചു. അധികാരവികേന്ദ്രീകരണം ദഷിണേഷ്യൻ രാജ്യങ്ങൾക്കപ്പുറം എന്ന വിഷയത്തെക്കുറിച്ച് ബംഗ്ലാദേശിലെ ധാക്കയിൽ നടന്ന രാജ്യാന്തരസമ്മേളനത്തിലെ ചർച്ചകളും തീരുമാനങ്ങളും അതാണ് വ്യക്തമാക്കുന്നതെന്നു അദ്ദേഹം പറഞ്ഞു.ഡിസംബർ 11 നു തുടങ്ങിയ രണ്ടുദിവസത്തെ സമ്മേളനത്തിൽ 200-ൽ പരം പ്രതിനിധികൾ സംബന്ധിച്ചു. ബംഗ്ലാദേശ് തദ്ദേശഭരണവകുപ്പുസെക്രട്ടറി അബ്ദുൾ മാലിക്ക് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഡോ.പി.പി.ബാലൻ വിഷയാവതരണം നടത്തി. ഫിലിപ്പൈൻസ്, ലാവോസ്, മംഗോളിയ, ശ്രീലങ്ക, ബംഗ്ലാദേശ്, ഭൂട്ടാൻ, അഫ്ഘാനിസ്ഥാൻ, കബോഡിയ, മ്യാൻമർ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളാണ് കേരള മാതൃക സ്വീകരിക്കാൻ മുന്നോട്ടു വന്നിട്ടുള്ളത്.

ഭൂട്ടാനിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൂട്ടാൻ ലോക്കൽ ഗവർമ്മെണ്ട് ഡയറക്ടർ ജനറൽ ലങ്ടൺ ദോർജിയും കില ഡയറക്ടർ ഡോ.പി.പി.ബാലനും കരാറിൽ ഒപ്പുവയ്ക്കുന്നു.

അധികാരവികേന്ദ്രീകരണം: ഭൂട്ടാനും കിലയും കരാറിൽ ഒപ്പുവച്ചു

ഭൂട്ടാനിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൂട്ടാൻ ഗവർമ്മെണ്ടും കിലയും കരാറിൽ ഒപ്പുവച്ചു. ഭൂട്ടാൻ തലസ്ഥാനമായ തിമ്പുവിൽ നടന്ന ഉന്നതാധികാരയോഗത്തിൽ ഭൂട്ടാൻ ലോക്കൽ ഗവർമ്മെണ്ട് ഡയറക്ടർ ജനറൽ ലങ്ടൺ ദോർജിയും കില ഡയറക്ടർ ഡോ.പി.പി.ബാലനുമാണ് കരാറിൽ ഒപ്പുവച്ചത്. ഭൂട്ടാൻ ആഭ്യന്തര-പ്രാദേശികവകുപ്പുമന്ത്രി ദാവ ദിൽസ്ടൺ, വകുപ്പുസെക്രട്ടറി സോനം പോപ്ഗെ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങ്.

കരാർ പ്രകാരം ഭൂട്ടാനിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ഘട്ടം ഘട്ടമായി പരിശീലനം നൽകും. പ്രാദേശികആസൂത്രണം, ജനപങ്കാളിത്തം, സാമൂഹ്യപരിശോധന, ഉത്തരവാദിത്തഭരണം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. സംസ്ഥാനത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച തദ്ദേശഭരണസ്ഥാപനങ്ങൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കുന്നതിനും അവസരമൊരുക്കും.

കിലയിൽ സംഘടിപ്പിച്ച ഡെപ്യൂട്ടി കളക്ടർമാരുടെ പരിശീലനപരിപാടിയുടെ സമാപനച്ചടങ്ങിൽ കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ ജോ.സെക്രട്ടറി ഡോ. ബി.കെ. ശർമ്മ സംസാരിക്കുന്നു

ഡെപ്യൂട്ടി കളക്ടർമാരുടെ പരിശീലനം സമാപിച്ചു

ട്രെയനിനികളായി നിയമനം ലഭിച്ച ഡെപ്യൂട്ടി കളക്ടർമാർക്കു കിലയിൽ സംഘടിപ്പിച്ച ഏഴുദിവസത്തെ പരിശീലനപരിപാടി പൂർത്തിയായി.സമാപനച്ചടങ്ങിൽ കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിലെ ജോ.സെക്രട്ടറി ഡോ. ബി.കെ. ശർമ്മ സംസാരിച്ചു.

പ്രാദേശികഭരണം, ആസൂത്രണം, വരുമാനസ്രോതസ്സുകൾ, തെരഞ്ഞെടുപ്പു പ്രക്രിയ, ഡി.പി.സി പ്രവർത്തനം, തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, നഗരഭരണസംവിധാനം, നേതൃത്വവികസനം, ഗ്രാമസഭകളുടെ പ്രവർത്തനം, ശിശുസൗഹൃദഭരണം,ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തുടങ്ങിയ വിവിധ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ.സണ്ണിജോർജ്, പ്രൊഫ. പി.അഹമ്മദ്, ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ, ജെ.നെൽസൺ, പി.വി.രാമകൃഷ്ണൻ, പി.കെ.ജയദേവൻ, എം.കെ.രവീന്ദ്രനാഥ്, രേണുകുമാർ, ബിനു ഫ്രാൻസിസ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. തളിക്കുളം ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് അവിടത്തെ പ്രവർത്തനരീതികൾ പരിശീലനാർത്ഥികൾ നേരിൽ കണ്ട് വിലയിരുത്തി. തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, എറണാകുളം ജില്ലകളിൽ നിയമനം ലഭിച്ചവരാണ് പരിശീലനത്തിനെത്തിയത്.

കിലയിലെ ചൈൽഡ് റിസോഴ്സ് സെന്റർ തയ്യാറാക്കിയ ബാലസൗഹൃദതദ്ദേശഭരണസഹായിയും മാർഗ്ഗരേഖയും മുൻ ചീഫ് സെക്രട്ടറി സി.പി.നായർ പ്രകാശനം ചെയ്യുന്നു

ബാലസൗഹൃദതദ്ദേശഭരണ സഹായിയും മാർഗ്ഗരേഖയും പ്രകാശനം ചെയ്തു

കേരളം ബാലസൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള ലക്ഷ്യത്തോടെ കിലയിലെ ചൈൽഡ് റിസോഴ്സ് സെന്റർ തയ്യാറാക്കിയ ബാലസൗഹൃദതദ്ദേശഭരണ സഹായിയും മാർഗ്ഗരേഖയും പ്രകാശനം ചെയ്തു.കുട്ടികളുടെ വികസന മികവിൽ കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. എന്നാൽ ഈ നിലവാരം അന്താരാഷ്ട്രതലത്തിലെത്തിക്കുന്നതിനു ഇനിയും ഏറെ ദൂരം പോകേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ വിപുലമായ അടിത്തറയും പ്രാദേശികഭരണത്തിന്റെ അനന്യമായ സാധ്യതകളും തിരിച്ചറിഞ്ഞുകൊണ്ടാണ് ബാലസൗഹൃദതദ്ദേശഭരണം എന്ന പ്രവർത്തനസഹായി തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ അവകാശവാരാചരണത്തിന്റെ ഭാഗമായി സംസ്ഥാനബാലാവകാശസംരക്ഷണകമ്മീഷൻ സംഘടിപ്പിച്ച ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറി സി.പി.നായർ പുസ്തകം പ്രകാശനം ചെയ്തു. ബാലാവകാശകമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശി അദ്ധ്യക്ഷതവഹിച്ചു, ഗ്ലോറിയ (ബാലാവകാശകമ്മീഷൻ മെമ്പർ), ഡോ.അഖില രാധാകൃഷ്ണൻ (യുനിസെഫ്, ചെന്നൈ), ഡോ.പീറ്റർ.എം.രാജ് (അസോസിയേറ്റ് പ്രൊഫസർ,കില) എന്നിവർ പ്രസംഗിച്ചു.

കേരളത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളും ഒരു നഗരസഭയും നടത്തിയ ബാലസൗഹൃദ ഇടപെടലുകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനസഹായി രൂപകൽപന ചെയ്തിട്ടുള്ളത്. കുട്ടികളുടെ അവകാശങ്ങളിലെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കാൻ ഏതെല്ലാം കാര്യങ്ങൾ ഒരുക്കണമെന്നാണ് പുസ്തകം വിവരിക്കുന്നത്. ശാസ്ത്രീയമായ അറിവുകളും ദേശീയതലത്തിലുള്ള കർമ്മപദ്ധതികളും അതോടൊപ്പം അന്തർദേശീയരംഗത്ത് കുട്ടികളുടെ വികസന സൂചകങ്ങളും പുസ്തകത്തിലുണ്ട്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽനിന്നും പത്ത് ഗ്രാമപഞ്ചായത്തുകളും ഓരോ നഗരസഭയും വീതം 154 തദ്ദേശസ്ഥാപനങ്ങളാണ് ബാലസൗഹൃദഭരണം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്കുവേണ്ട റിസോഴ്സ് പേഴ്സൺമാരെ കില നൽകും.

സർക്കാർ ഉത്തരവുകൾ

കുടുംബവാർഷിക വരുമാനപരിധി ഉയർത്തി

17.2.2016 ലെ സ.ഉ.(സാധാ) നമ്പർ 2464/2016.തസ്വഭവ.നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്ഥാപനങ്ങൾ നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾക്കുള്ള വരുമാനപരിധി പൊതുവിഭാഗം ഗുണഭോക്താക്കൾക്കു 1 ലക്ഷം രൂപയും എസ്.സി വിഭാഗത്തിനു 1.5 ലക്ഷം രൂപയുമായി ഉയർത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കു വരുമാനപരിധി ബാധകമല്ല. എന്നാൽ വീടുനൽകുന്നതിനുള്ള വാർഷിക കുടുംബവരുമാനപരിധി നിലവിലുള്ള 50,000/-രൂപയായി തുടരുന്നതാണെന്നു വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട്, ഭവനനിർമ്മാണത്തിനുള്ള ധനസഹായത്തിനു വാർഷിക കുടുംബവരുമാനപരിധി പൊതുവിഭാഗം ഗുണഭോക്താക്കൾക്കുമാത്രം 50,000/-രൂപയായി തുടരുന്നതാണെന്നും പട്ടികവിഭാഗം ഗുണഭോക്താക്കൾക്കു വരുമാനപരിധി ബാധകമല്ലെന്നും സ്പഷ്ടീകരണം നൽകി ഉത്തരവായിട്ടുണ്ട്.(സ.ഉ.(സാധാ) 2870/2016.തസ്വഭവ.14.10.2016)

ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു സർവേ

കേരളത്തിലെ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടപടികൾ ആരംഭിച്ചു.സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്ന സർവേ കുടുംബശ്രീ/അങ്കണവാടി വർക്കർ എന്നിവരെ ഉപയോഗിച്ചാണ് നടത്തുന്നത്. വീടൊന്നിനു 20/- രൂപ നിരക്കിൽ സർവേ നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനു ടെക്നിക്കൽ അസിസ്റ്റന്റുമാർക്കു 5/- രൂപയും പ്രതിഫലം നൽകും.ഇതിനുള്ള തുക തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻഫണ്ട്/തനതുഫണ്ട് എന്നിവയിൽനിന്നും നൽകാം. ആയതിനുള്ള നിശ്ചിത ഫോറവും തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കു സ.ഉ.(സാധാ) 2924/2016 തസ്വഭവ.തീ.21.10.2016 ലെ ഉത്തരവു കാണുക.

ബാലസൗഹൃദഭരണത്തെക്കുറിച്ചു ജനപ്രതിനിധികൾക്കുവേണ്ടി കില നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡിപ്ലോമാ കോഴ്സിന്റെ ആദ്യബാച്ച് ബാലാവകാശകമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശി ഉദ്ഘാടനം ചെയ്യുന്നു

നല്ല സമൂഹത്തിനുള്ള യജ്ഞം കുട്ടികളിൽനിന്നു തുടങ്ങണം: ശോഭ കോശി

നല്ല സമൂഹത്തിനുവേണ്ടിയുള്ള യജ്ഞം കുട്ടികളിൽനിന്നു തുടങ്ങണമെന്നു ബാലാവകാശകമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശി നിർദ്ദേശിച്ചു. ബാലസൗഹൃദഭരണത്തെക്കുറിച്ചു ജനപ്രതിനിധികൾക്കുവേണ്ടി കില നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡിപ്ലോമാകോഴ്സിന്റെ ആദ്യബാച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. വൃത്തിയുള്ള, ജല ലഭ്യതയുള്ള ടോയ്ലറ്റുകളുടെ അഭാവമാണ് പെൺകുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളി. ബസ്സുകളിൽ കുട്ടികളെ ചൂഷണം ചെയ്യുന്നതിനെതിരെ മുതിർന്നവർ ശബ്ദമുയർത്തണം. വിദ്യാർത്ഥിയായതിന്റെ പേരിൽ ബസ്സിൽ അവർക്കിരിക്കാൻ പാടില്ലെന്ന പിടിവാശിക്കെതിരെ നാം പ്രതികരിക്കണമെന്നും അവർ പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. യുണിസെഫ് ചെന്നൈ യൂണിറ്റിലെ സുഗത റോയ്, ബാലാവകാശ കമ്മീഷൻ അംഗം അഡ്വ. നസീർ ചാലിയം, ഡോ.പീറർ എം.രാജ്, റിസ്മിയ എന്നിവർ സംസാരിച്ചു.

കുട്ടികളുടെ അവസ്ഥാപഠനത്തെക്കുറിച്ച് എം.ജി. കാളിദാസനും കുട്ടികളുടെ ഗ്രാമസഭയെപ്പറ്റി ഭാസ്കരൻ പള്ളിക്കരയും ക്ലാസ്സെടുത്തു.ആദ്യബാച്ചിൽ 37 പേരാണ് പങ്കെടുത്തത്. ഇവരിൽ 24 പേരും വനിതകളാണ്.

ജനപ്രതിനിധികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കു തടസ്സം വരാത്ത രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണവികസനപ്രവർത്തനങ്ങളെ ബാലസൗഹൃദമാക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ പഠിതാക്കൾ അതതു തദ്ദേശഭരണസ്ഥാപനങ്ങളിൽ ഗ്രാമതല/നഗരതല പ്രവർത്തനത്തിനു ബാദ്ധ്യസ്ഥരുമാണ്. ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭ-കോർപ്പറേഷനുകളിലേയും ജനപ്രതിനിധികളാണ് കോഴ്സിൽ പങ്കെടുക്കുന്നത്. അംഗീകൃത സർവകലാശാലയിൽനിന്നുള്ള ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള വരുമാണിവർ. ബാലാവകാശം, അന്തർദേശീയ-ദേശീയ സംരക്ഷണനിയമങ്ങൾ, ബാലസൗഹൃദഭരണം, ബാലസൗഹൃദ പ്രാദേശിക ആസൂത്രണം തുടങ്ങിയ വിഷയങ്ങൾ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓരോ മാസവും രണ്ടാംവാരത്തിൽ നാലുദിവസം കിലയിൽ താമസിച്ചുകൊണ്ടുള്ള പഠനവും ബാക്കി ദിവസങ്ങളിൽ പ്രായോഗിക പഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ് പാഠ്യപദ്ധതി. ഒരു പഠനാർത്ഥിയുടെ കോഴ്സ് ഫീസ് 55,000/-രൂപയാണ്. ഇതിൽ 50,000/-രൂപ കില ഫെലോഷിപ്പായി പരിഗണിക്കും.5,000/-രൂപ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്-നഗരസഭകൾ വഹിക്കണം.

വെബ്സൈറ്റിൽ എല്ലാ ഉത്തരവുകളും പ്രസിദ്ധീകരിക്കണം

തദ്ദേശഭരണവകുപ്പിൽ നിന്നു പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ സമയബന്ധിതമായി പ്രസിദ്ധീകരിക്കേണ്ടതാണെന്നു സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. 14.12.2016 ലെ പി.എസ്.2/625/2016. തസ്വഭവ നമ്പർ സർക്കുലർ പ്രകാരമാണ് ഈ നിർദ്ദേശം ഐ.കെ.എം നു നൽകിയിട്ടുള്ളത്.

പി.ജി.ഡിപ്ലോമാകോഴ്സിന്റെ ആദ്യബാച്ചിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾ

ചോദ്യങ്ങൾക്കു മറുപടി

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനു വാഹനം വാടകക്കെടുത്തു ഉപയോഗിക്കാമോ?

● സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്കു അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കു വാഹനം വാടകക്കെടുത്തു ഉപയോഗിക്കാവുന്നതാണ്.(സ.ഉ.(സാധാ).2493/2012.ത.സ്വ.ഭ.വ.3.9.2012).സ്വന്തമായി വാഹനമുള്ള തദ്ദേശസ്ഥാപനങ്ങളാണെങ്കിലും വാഹനം കേടായി കിടക്കുകയാണെങ്കിലോ മറ്റ് ആവശ്യങ്ങൾ മൂലം ലഭ്യമല്ലെങ്കിലോ അടിയന്തിര ഓഫീസ് ആവശ്യത്തിനു വാടകയ്ക്കെടുത്ത് ഉപയോഗിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ കിലോമീറ്റർ ചാർജിനു മാസവാടകനിരക്കിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെയായിരിക്കണം ഇപ്രകാരം വാഹനം വാടകയ്ക്കെടുത്തു ഉപയോഗിക്കേണ്ടത്.(സ.ഉ.(സാധാ) 3108/2016 ത.സ്വ.ഭ.വ.തീയതി.16.11.2016)

? ആസ്തി വിവരങ്ങൾ മൊബൈൽ ഫോൺ വഴി ശേഖരിക്കുന്നതിനു അനുവദിച്ച ഉത്തരവുണ്ടോ? മൊബൈൽ ഫോൺ വാങ്ങാമോ?

● ഗ്രാമപഞ്ചായത്തിലുള്ള ആസ്തികളുടെ വിവരങ്ങൾ മൊബൈൽ ഫോൺ മാപ്പിങ്ങ് വഴി കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിലുള്ള എം.അസറ്റ് അപ്ലിക്കേഷനിലൂടെ ശേഖരിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷനിലുള്ള മോഡൽ മൊബൈൽ ഫോൺ ഓരോ ഗ്രാമപഞ്ചായത്തിനും ഒന്നു വീതം വാങ്ങാൻ പതിനായിരം രൂപയിൽ കവിയാത്ത തുക ചെലവഴിക്കാം. മൊബൈൽ ഡാറ്റാ കണക്ഷൻ വഴി ഉപയോഗിക്കുന്നതിനു പ്രതിമാസം 350/- രൂപയിൽ കവിയാത്ത തുക ചെലവഴിക്കാവുന്നതാണ്. (സ.ഉ.(സാധാ)2904/2016 ത.സ്വ.ഭ.വ.തീയതി.19.10.2016)

? കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽനിന്നു ചെലവഴിക്കാമോ?

● പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ളപദ്ധതിയുടെ വൈദ്യുതി ചാർജ് പഞ്ചായത്തിന്റെ എസ്.സി.പി അല്ലെങ്കിൽ മെയിന്റനൻസ് ഫണ്ടിൽനിന്ന് നൽകാൻ ഉത്തരവായിട്ടുണ്ട്.ജനറൽ വിഭാഗത്തിനു അനുവദിച്ചിട്ടില്ല.(സ.ഉ.(സാധ)3065/2016/ത.സ്വ.ഭ.വ.തീയതി.10.11.2016)

? പദ്ധതിനിർവഹണത്തിനു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു അയൽസഭയുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കുന്നുവെന്നു തദ്ദേശസ്ഥാപനം ഉറപ്പുവരുത്തേണ്ടതുണ്ടോ?

● അയൽസഭയുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കേണ്ടതാണ്. എന്നാൽ ഈ വർഷം അയൽസഭയുമായി ബന്ധപ്പെട്ട നിബന്ധനകൾ നിർബന്ധമാക്കേണ്ടതില്ല എന്നു സർക്കാർ നിർദ്ദേശമുണ്ട്. (സ.ഉ.(സാധാ 3218/2016 ത സ്വ ഭ വ. തീയതി.25.11.2016

? ജാതികൃഷിക്കു ആനുകൂല്യം നൽകാൻ വ്യവസ്ഥയുണ്ടോ?

● ജാതികൃഷിക്കു ആനുകൂല്യം നൽകാൻ മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ലെങ്കിലും ഈ വർഷം മുതൽ ആനുകൂല്യം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. സബ്സിഡി മാനദണ്ഡം മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.1,3.1.4 പ്രകാരമുള്ള സബ്സിഡികളും അനുവദിക്കാവുന്നതാണ്.മൈക്രോ സെക്ടർ കോഡ് അനുവദിക്കാൻ ഐ.കെ.എമ്മിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.(സ.ഉ. (സാധാ) 3066/16 ത സ്വ ഭ വ.തീയിതി 10.11.2016)

? സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ എത്ര തുകയാണ് നൽകേണ്ടത്?

● സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി പ്രകാരം കന്നുകാലികളെ ഇൻഷുർ ചെയ്യുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50 ശതമാനം തുക വഹിക്കുകയും ബാക്കി വരുന്ന 50 ശതമാനം തുകയിൽ 25 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങളും 25 ശതമാനം തുക ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. (സ.ഉ.(സാധാ) 3019/2016 ത.സ്വ.ഭ.വ. തീയതി4.11.16)

? പഞ്ചവത്സരപദ്ധതി ആനുകൂല്യങ്ങൾ നൽകുമ്പോൾ പട്ടികവർഗ്ഗക്കാർക്കും വരുമാനപരിധി നോക്കേണ്ടതല്ലേ?

● പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖപ്രകാരം ആനുകൂല്യങ്ങൽ നൽകുമ്പോൾ പട്ടികവർഗ്ഗക്കാരിൽനിന്നും വരുമാനപരിധി എടുത്തുകളഞ്ഞിട്ടുണ്ട്.(സ.ഉ.(സാധാ)2959/2016 ത.സ്വ.ഭ.വ.തീയതി.28.10.2016)

? ലോകബാങ്ക് സഹായത്തുകയല്ലാതെ മറ്റു ഫണ്ടുകളുപയോഗിച്ച് ഗ്രാമപഞ്ചായത്തിനു സാധനങ്ങൾ വാങ്ങുന്നതിനു പ്രൊക്യൂർമെന്റ് ബാധകമാണോ?

● ബാധകമാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എല്ലാ വാങ്ങലുകൾക്കും 20.8.2016 ൽ പ്രസിദ്ധീകരിച്ച സ.ഉ.(ആർ.ടി) 2487/2016 തസ്വഭവ ഉത്തരവുപ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വവലാണ് ബാധകമായിട്ടുള്ളത്.

? വ്യവസായശാലകളുടെ വസ്തുനികുതി നിരക്കിൽ കുറവു വരുത്തിയതായി അറിഞ്ഞു. അത് തുക എത്രയാണ്?

● വ്യവസായശാലകളുടെ വസ്തുനികുതി നിരക്ക് 15 രൂപ മുതൽ 25 രൂപവരെയാക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. സ.ഉ.(അ)36/205 തസ്വഭവ.തീയതി.14.2.2015 കാണുക.

തെരുവവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീയെ ഏൽപ്പിച്ചു

സംസ്ഥാനത്തെ തെരുവനായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്തിന്റെയും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയും തെരുവുനായ നിയന്ത്രണ പദ്ധതി നിർവഹണത്തിനു പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകളെ അംഗീകരിക്കാൻ ഉത്തരവായി. അവർക്കു അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽനിന്നു നൽകുന്നതിനു അനുവദിച്ച് ഉത്തരവായി. പരിശീലനം ലഭിച്ച കൂടുംബശ്രീ യൂണിറ്റുകൾക്കു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേനയുള്ള നായ പിടിത്തത്തിനു നായ ഒന്നിനു 1000/-രൂപ നിരക്കിൽ സേവനതുക നിശ്ചയിച്ചാണ് ഉത്തരവായിട്ടുള്ളത്. 13.12.2016 ലെ സ.ഉ.(ആർ.റ്റി)3383/2016 ത സ്വ ഭ വ ഉത്തരവു പ്രകാരമാണ് ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക.
കില ഹെൽപ്ഡെസ്ക്.
ഫോൺ നമ്പർ-0487 2204097

സുസ്ഥിരവികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദേശീയ റൈറ്റ്ഷോപ്പിൽ സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് സംസാരിക്കുന്നു

ദേശീയ റൈറ്റ്ഷോപ്പ് സമാപനം

സുസ്ഥിരവികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച ദേശീയ റൈറ്റ്ഷോപ്പിന്റെ സമാപനദിവസം പഞ്ചായത്തുകളും സുസ്ഥിരവികസനലക്ഷ്യങ്ങളും എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാന ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് സംസാരിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞ് വികസനലക്ഷ്യങ്ങൾ ചർച്ച ചെയ്തു. കിലയും കേന്ദ്ര ഗ്രാമപഞ്ചായത്ത് മന്ത്രാലയവും ചേർന്നു തയ്യാറാക്കിയ ടൂൾ കിറ്റിനെ അടിസ്ഥാനമാക്കിയായിരുന്നു ചർച്ചകൾ. ഓരോ സംസ്ഥാനങ്ങളുടേയും പശ്ചാത്തലമനുസരിച്ച് വികസനലക്ഷ്യങ്ങൾ പുനരാവിഷ്ക്കരിച്ചു. കിലയുടെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിലേയും യു.എൻ.ഡി.പി.യുടേയും വിദഗ്ദ്ധരും ചർച്ചകൾക്കു നേതൃത്വം നൽകി. കേന്ദ്ര പഞ്ചായത്ത് രാജ് മുൻ ജോ.സെക്രട്ടറിയും നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ഡയറക്ടർ ജനറലുമായി ശാരദ മുരളീധരൻ ഐ.എ.എസും ഗ്രൂപ്പു ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

സമാപനച്ചടങ്ങിൽ കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം ജോ.സെക്രട്ടറി ഡോ.ബി.കെ.ശർമ്മ, കില ഡയറക്ടർ ഡോ.പി.പി. ബാലൻ, നോഡൽ ഓഫീസർ ഡോ.ജെ.ബി. രാജൻ, ഷിബാഭരതകർ(യു.എൻ.ഡി.പി)തുടങ്ങിയവർ സംസാരിച്ചു.

കെനിയയിലെ ലോക്കൽ ഗവർമ്മെണ്ട് കമ്മീഷൻ ചെയർമാൻ മൊയിതലേൽ ഓലെ കെന്റും കമ്മീഷൻ അംഗം പ്രൊട്ടസ് അകുജാലയും കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി ചർച്ച നടത്തുന്നു

കിലയുടെ സഹായം തേടി കെനിയ

കെനിയയിലെ പ്രാദേശികഭരണകൂടങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുന്നതിനു കെനിയയിലെ ലോക്കൽ ഗവർമ്മെണ്ട് കമ്മീഷൻ കിലയുടെ സഹായം തേടി. കിലയിലെ രാജ്യാന്തരസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ലോക്കൽ ഗവർമ്മെണ്ട് കമ്മീഷൻ ചെയർമാനും പാർലമെന്റംഗവുമായ മൊയിതലേൽ ഓലെ കെന്റും കമ്മീഷൻ അംഗമായ പ്രൊട്ടസ് അകുജാലയും ഇതു സംബന്ധിച്ച് കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി പ്രാഥമിക ചർച്ച നടത്തി. കെനിയയിലെ ദേശീയ പരിശീലനകേന്ദ്രമായ കെനിയൻ സ്കൂൾ ഓഫ് ലോക്കൽ ഗവർമ്മെണ്ട് എന്ന സ്ഥാപനവുമായി സഹകരിച്ചായിരിക്കും പരിശീലനപരിപാടികൾ.

പ്രാദേശികഭരണകൂടമായ കൗണ്ടികൾക്കു നാലു വർഷം മുമ്പ് അധികാരങ്ങൾ കൈമാറിയെങ്കിലും അതു പ്രതീക്ഷിച്ചതുപോലെ ഫലപ്രദമായില്ല. പരിശീലനപരിപാടികളിലൂടെ ഇതിനു പരിഹാരം കാണാൻ കഴുയുമെന്ന് അവർ കരുതുന്നു. ഇതിനാവശ്യമെങ്കിൽ ധാരാണാപത്രം ഒപ്പുവയ്ക്കാനും തയ്യാറാണെന്നു അവർ അറിയിച്ചതായി കില ഡയറക്ടർ പറഞ്ഞു.

നഗരസഭയിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള ദ്വിദിന പരിശീലനം ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്യുന്നു

നഗരസഭയിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കു പരിശീലനം

നഗരസഭയിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള ദ്വിദിന പരിശീലനം കിലയിൽ തുടങ്ങി. സംസ്ഥാനത്തെ 87 നഗരസഭകളിലേയും ആറു കോർപ്പറേഷനുകളിലേയും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കാണ് പരിശീലനം. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, അവരുടെ ചുമതലയിൽപെട്ട നികുതിനിർണയം, ധനവിനിയോഗം, നികുതി അപ്പീൽ, ബജറ്റ്, അക്കൗണ്ടിംഗ്, ഓഡിറ്റ്, ധനപരിപാലനം, കാര്യക്ഷമമായ വിഭവസമാഹരണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു.കോഴ്സ് കോർഡിനേറ്റർ ഫെമിനജോയ്, കെ.വി. അനിൽകുമാർ എന്നിവർ സംസാരിച്ചു.സി.രാധാകൃഷ്ണൻ, ദേവരാജൻ, വി.ജി.ശശിധരൻ, ടി. രാധാകൃഷ്ണൻ, ടോബി തോമസ്, വർക്കി ജോസഫ്, എൻ.പി.വേണുഗോപാൽ എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.

കില സന്ദർശനത്തിനെത്തിയ ബംഗ്ലാദേശ് തദ്ദേശഗ്രാമവികസന -സഹകരണ വകുപ്പുമന്ത്രി ഖണ്ടേക്കർ മൊഷറഫ് ഹൊസയിൻ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭയിൽ പങ്കെടുത്തു സംസാരിക്കുന്നു

കർഷക തൊഴിലാളി പെൻഷൻ: വരുമാനപരിധി ഉയർത്തി

കാർഷികതൊഴിലാളി പെൻഷൻ പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കുടുംബവാർഷികവരുമാന പരിധി 1 ലക്ഷം രൂപയായി ഉയർത്തി ഉത്തരവായി.സ.ഉ.(എം.എസ്.99/2016/തൊഴിൽവകുപ്പ് 23.6.2016.

ക്ലീൻ കേരളാപദ്ധതിയുടെ ഭാഗമായി കില കാമ്പസിൽ നടന്ന ശുചീകരണപ്രവർത്തനങ്ങൾ

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)